## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

## സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സപ്പോർട്ട് ടീം

6454

ശ്രീ. എം. പി. വിൻസെന്റ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സപ്പോർട്ട് ടീമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(ബി) ഈ ടീമിൽ ഏതെല്ലാം ഉദ്യോഗസ്ഥന്മാരാണ് അംഗങ്ങളായിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അംഗങ്ങളാക്കുന്നതിന് മുമ്പ് ഉദ്യോഗസ്ഥരുടെ ട്രാക്ക് റിക്കാർഡ് പരിശോധന നടത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം ടീമുകൾ പ്രവർത്തിക്കുന്നത് എന്നറിയിക്കുമോ?

**കേരള നിയമസഭ**
**11.07.2012 -ലെ മറുപടിക്ക്**

**<u>റാപ്പിഡ് റെസ്പോൺസ് & റെസ്ക്യൂ ഫോഴ്സ്</u>**

6455 **ശ്രീ. വി. ഡി. സതീശൻ**
**,, എ. പി. അബ്ദുള്ളക്കുട്ടി**
**,, ഷാഫി പറമ്പിൽ**
**,, തേറമ്പിൽ രാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാപ്പിഡ് റെസ്പോൺസ്& റെസ്ക്യൂ ഫോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ:

(ബി) ദുരന്തലഘൂകരണം, ദുരന്തനിവാരണം എന്നീ മേഖലകളിൽ എന്തെല്ലാം സേവനങ്ങളും പ്രവർത്തനങ്ങളുമാണ് ഈ ഫോഴ്സ് നടത്തുന്നത്, വിശദാംശങ്ങൾ നല്കാമോ;

(സി) പ്രസ്തുത മേഖലയിൽ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) എത്ര റെയ്ഞ്ചുകളിൽ ആണ് പ്രസ്തുത ഫോഴ്സ് സേവനം അനുഷ്ഠിച്ചുവരുന്നത്; വിശദാംശങ്ങൾ നല്കാമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ഹവാലാ കേസ്**

6456 ശ്രീ. കെ. കെ. ജയചന്ദ്രൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. എം. ചന്ദ്രൻ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് വൻതോതിൽ ഹവാലാപണം കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹവാലാപണം തീവ്രവാദപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹവാലപണം കടത്തുന്നവരെ നിരീക്ഷിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളിൽ എത്ര പേരെ അറസ്റ്റു ചെയ്യുകയുണ്ടായി; അറസ്റ്റു ചെയ്യാൻ കഴിയാത്ത കേസുകൾ എത്ര;

(ഡി) ഇന്റർസ്റ്റേറ്റ് ഇന്റലിജൻസ് സപ്പോർട്ട് ടീം നടത്തുന്ന അന്വേഷണത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിലുള്ള ഏതെങ്കിലും ഇടപാട് കണ്ടുപിടിക്കുകയുണ്ടായോ; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**മയക്കുമരുന്ന് ഉപയോഗത്തിന്റെയും**
**കള്ളക്കടത്തിന്റെയും നിയന്ത്രണം**

**6457** ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. സി.കെ. സദാശിവൻ
ശ്രീമതി കെ.എസ്. സലീഖ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുകളുടെ ഉപഭോഗവും കള്ളക്കടത്തും സംസ്ഥാനത്ത് നിയന്ത്രണ വിധേയമാണോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര മയക്കുമരുന്നു വിൽപനക്കാരെയും കള്ളക്കടത്തുകാരെയും പിടികൂടുകയുണ്ടായി; അതിൽ എത്ര പേരെ വിട്ടയച്ചു;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ മയക്കുമരുന്നുൾപ്പെടെയുള്ള ലഹരിസാധനങ്ങളുടെ വിൽപന നടക്കുന്നതായി അറിയാമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**തീവ്രവാദ പ്രവർത്തനങ്ങളേയും മാവോയിസ്റ്റുകളേയും കണ്ടെത്തുന്നതിന് നടപടി**

6458 ശ്രീ. ബെന്നി ബെഹനാൻ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തീവ്രവാദ പ്രവർത്തനങ്ങളേയും മാവോയിസ്റ്റുകളേയും കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അതിർത്തി പ്രദേശങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലെ പോലീസുമായി ചേർന്ന് പരിശോധന നടത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ**

6459 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എം. എ വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇത്തരം വിഷയങ്ങളിൽ കാലതാമസം കൂടാതെ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇവരുടെ പരാതികൾക്ക് മുൻഗണനന നൽകുന്ന കാര്യം ആലോചിക്കുമോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ട സ്ത്രീകളെ പോലീസ് സ്റ്റേഷനിൽ വിളിപ്പിക്കുന്നത് ഒഴിവാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>നെറ്റ്‌വർക്ക് മണിചെയിൻ തട്ടിപ്പുകൾ</u>

6460

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെറ്റ്‌വർക്ക് മണിചെയിൻ തട്ടിപ്പുകൾ നടത്തുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കേരളാ പോലീസ് നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമാണ്;

(ബി) ആളുകളെ ഫോണിലൂടെ വിളിച്ചുവരുത്തി നറുക്കെടുപ്പിലൂടെയും മറ്റും അവരെ വഞ്ചിക്കുന്ന നെറ്റ് വർക്ക് തട്ടിപ്പുകാരെക്കുറിച്ച് പോലീസ് സൈബർ സെൽ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം എത്രയെണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) മണിചെയിൻ നെറ്റ്‌വർക്ക് തട്ടിപ്പുസംഘങ്ങളെക്കുറിച്ച് സൈബർ സെല്ലിന് സ്വമേധയാ കേസ്സെടുത്തുകൂടേ; വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

### കേരളത്തിൽ സിമിയുടെ പ്രവർത്തനം

**6461 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സിമിയുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് റിപ്പോർട്ട് നല്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് സിമിയുടെ പ്രവർത്തനം ഉളളതായാണോ റിപ്പോർട്ട് ചെയ്തിട്ടുളളത്;

(സി) സംസ്ഥാനത്ത് നടന്നിട്ടുളള ഏതെല്ലാം പ്രവർത്തനങ്ങളിൽ പ്രസ്തുത സംഘടനയ്ക്ക് പങ്കുളളതായാണ് വിവരം ലഭിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**11.07.2012 -ലെ മറുപടിക്ക്**

**<u>ബാലവേലയ്ക്കെതിരെ നടപടി</u>**

**6462 ശ്രീമതി. കെ.എസ് സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2012 ഏപ്രിൽ വരെ സംസ്ഥാനത്ത് ബാലവേല നിരോധമനുസരിച്ച് എത്ര കേസുകളാണ് വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തത് ; ആയത് 2010 മുതൽ 2011 വരെയുളള കാലയളവിൽ എത്രയായിരുന്നു ; വ്യക്തമാക്കുമോ;

(ബി) 2011 മുതൽ 2012 ഏപ്രിൽ വരെയുളള കാലയളവിൽ ബാലവേല കേസിൽപ്പെട്ട എത്ര കുട്ടികളെ മോചിപ്പിച്ചു ; ഇതിൽ എത്ര ശതമാനം കുട്ടികളാണ് മറുനാടുകളിൽ നിന്ന് ജോലി തേടി എത്തിയത് ; എത്ര വയസ്സിനിടയിലുളളവരെയാണ് ഇപ്രകാരം മോചിപ്പിച്ചത് ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏത് ജില്ലയിലാണ് ബാലവേല കൂടുതലായി നടക്കുന്നത് ;

(ഡി) 2011 മുതൽ 2012 ഏപ്രിൽ വരെയുളള കാലയളവിൽ ബാലവേല ചെയ്യിക്കുന്നതിനെതിരെ ഏജന്റുമാർ, സ്ഥാപന ഉടമകൾ, വീട്ടുകാർ എന്നിവരുൾപ്പെടെ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട് ;

(ഇ) കഴിഞ്ഞ വർഷം നിർബന്ധിത ബാലവേലയ്ക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്ര കുട്ടികളെ ഇതിൽ നിന്നും പോലീസ് മോചിപ്പിച്ചു ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>റാഗിംഗ് നിരോധന നിയമം</u>

6463 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള റാഗിംഗ് നിരോധന നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുവോ;

(ബി) എങ്കിൽ നിലവിലുള്ള നിയമത്തിൽ എപ്രകാരം ഭേദഗതി വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇപ്രകാരം നിയമ ഭേദഗതി കൊണ്ടു വരുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>വരാപ്പുഴ പീഡനക്കേസ്</u>

6464 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ പീഡന കേസ്സിൽ ഇതുവരെ എത്ര പേരെ ചോദ്യം ചെയ്തിട്ടുണ്ട് ;

(ബി) എത്ര പേരെ പ്രതികളാക്കിയിട്ടുണ്ട് ;

(സി) പീഡനത്തിനിരയായ പെൺകുട്ടി കൊടുത്ത മൊഴിയിൽ ആരുടെയൊക്കെ പേരാണ് ഉൾപ്പെട്ടിട്ടുള്ളത്;

(ഡി) ഈ ലിസ്റ്റിൽപ്പെട്ട എത്ര പേരെ ഇതിനോടകം ചോദ്യം ചെയ്തിട്ടുണ്ട് ; അവശേഷിക്കുന്നവരെ എന്തുകൊണ്ടാണ് ചോദ്യം ചെയ്യാതിരിക്കുന്നത് ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ</u>

6465 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) 2012 ജനുവരി 1 മുതൽ ജൂൺ 30 വരെ സംസ്ഥാനത്ത് വനിതകളുടെ മേലുണ്ടായ അതിക്രമങ്ങളുടെ പേരിൽ എത്ര പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ ജില്ലകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

**കേരള നിയമസഭ**

**11.07.2012 -ലെ മറുപടിക്ക്**

**<u>ബലാൽസംഗ കേസ്സുകൾ</u>**

**6466 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2012 ജനുവരി 1 മുതൽ 2012 ജൂൺ 30 വരെ എത്ര ബലാൽസംഗകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവയുടെ ജില്ലകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>ആയുധലൈസന്‍സുകള്‍ പുതുക്കി നല്‍കുവാന്‍ കാലതാമസം</u>

**6467** **ശ്രീ. സാജു പോള്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആയുധ ലൈസന്‍സുകള്‍ പുതുക്കി നല്‍കുവാന്‍ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ലൈസന്‍സ് പുതുക്കുവാന്‍ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം നല്‍കുമോ;

(സി) പുതിയ ലൈസന്‍സുകള്‍ നല്‍കാത്തതിന്റെയും നിലവിലുള്ളവ പുതുക്കി നല്‍കാത്തതിന്റെയും കാരണം വ്യക്തമാക്കുമോ;

(ഡി) ലഭിച്ച അപേക്ഷകളില്‍ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**11.07.2012 -ലെ മറുപടിക്ക്**

**<u>അനീഷ് രാജ് കൊലക്കേസ് - പ്രതികളെ കണ്ടെത്താൻ സമരം</u>**

6468 **ശ്രീ. എ. കെ. ബാലൻ**
**,, ആർ. രാജേഷ്**
**,, കെ. രാധാകൃഷ്ണൻ**
**,, കെ. സുരേഷ് കുറുപ്പ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **വിദ്യാർത്ഥികളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ അവർക്ക് ജനാധിപത്യപരമായി പ്രതിഷേധിക്കാനുള്ള അവകാശം പോലീസ് നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **അനീഷ് രാജിന്റെ കൊലപാതകികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരത്ത് എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ നടന്ന സമരങ്ങൾക്ക് നേരെ പോലീസ് കടന്നാക്രമണങ്ങളും ലാത്തിച്ചാർജ്ജും ടിയർഗ്യാസ് പ്രയോഗവും നടത്തിയത് അറിയാമോ; അതിൽ എത്ര വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയുണ്ടായി;**

(സി) **സംഭവം സംബന്ധിച്ച് ഡി.ജി.പി. പ്രത്യേക അന്വേഷണം നടത്തുകയുണ്ടായോ; അന്വേഷണ റിപ്പോർട്ട് സഭയിൽ വയ്ക്കാമോ;**

(ഡി) **സംഭവത്തിനുത്തരവാദികളായ എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചു?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ടൈറ്റാനിയം അഴിമതി കേസന്വേഷണം**

6469 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൈറ്റാനിയം അഴിമതി കേസന്വേഷണ സംഘത്തിലെ അംഗങ്ങൾ ആരൊക്കെയാണ്; അന്വേഷണം ആരംഭിച്ച ഘട്ടത്തിലുളള ആരൊക്കെയാണ് ഇപ്പോൾ സംഘത്തിൽ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം പ്രത്യേക വിജിലൻസ് കോടതിയിൽ വിജിലൻസ് സംഘം നൽകിയ ഒടുവിലത്തെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) എത്ര സമയത്തിനകം അന്വേഷണം പൂർത്തിയാക്കാനാണ് കോടതി ആവശ്യപ്പെട്ടിട്ടുളളത്;

(ഡി) കേസിലെ മുഖ്യസാക്ഷി ചോദ്യം ചെയ്യലിനും മൊഴി നല്കാനും തയ്യാറാകാത്തതിന് കാരണങ്ങളായി വിജിലൻസിനെ അറിയിച്ചിരിക്കുന്ന സംഗതികൾ എന്തെല്ലാമാണ്; വിജിലൻസ് വകുപ്പ് ഇക്കാര്യം കോടതിയെ അറിയിച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കേസിൽ ആരോപിതനായ ആൾ മുഖ്യമന്ത്രിസ്ഥാനത്ത് തുടരുമ്പോൾ സത്യസന്ധമായ അന്വേഷണം നടക്കില്ലെന്നും ആയത് പ്രഹസനമായിരിക്കുമെന്നും ഏതെങ്കിലും സാക്ഷി അറിയിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ഐ.എസ്.ആർ.ഒ ചാരക്കേസ്**

6470 **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ.എസ്.ആർ.ഒ ചാരക്കേസിൽ ഉൾപ്പെട്ടതായി പറയുന്ന മാലി സ്വദേശിനിയെ സംബന്ധിച്ച് പോലീസിന് ഇപ്പോൾ വിവരമുണ്ടോ;

(ബി) ഈ കേസിന്റെ നിലവിലെ സ്ഥിതി എന്താണ്;

(സി) ഈ കേസിൽ കുറ്റാരോപിതരായവർക്ക് നഷ്ടപരിഹാരം നൽകാൻ കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് നൽകുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**മാറാട് സംഭവം സംബന്ധിച്ച അന്വേഷണം**

**6471**

**ശ്രീ. എളമരം കരീം**
**,, വി. ചെന്താമരാക്ഷൻ**
**,, കെ. രാധാകൃഷ്ണൻ**
**,, എ. പ്രദീപ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജുഡീഷ്യൽ അന്വേഷണ കമ്മിഷൻ ശുപാർശ പ്രകാരമുള്ള മാറാട് സംഭവം സംബന്ധിച്ച അന്വേഷണം നടക്കാത്തതിനാൽ ഇത് പ്രത്യേക അന്വേഷണ സംഘത്തെ ഏല്പിച്ചിട്ടുണ്ടോ;

(ബി) ആരുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടന്നുവരുന്നത്; സംഘത്തിൽ ആരൊക്കെയുണ്ട്; ആരെയെല്ലാം ഇതിനകം ചോദ്യം ചെയ്യുകയുണ്ടായി; അന്വേഷണ സംഘത്തിൽ നിന്ന് ആരെയൊക്കെ മാറ്റുകയുണ്ടായി;

(സി) അന്വേഷണം സി.ബി.ഐ.ക്ക് കൈമാറണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള റിട്ട് പെറ്റീഷനുകളിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണ്; സത്യവാങ്മൂലത്തിന്റെ പകർപ്പ് സഭയിൽ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>മാറാട് സംഭവം- ജോസഫ് തോമസ് കമ്മീഷൻ റിപ്പോർട്ട്</u>

6472 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാറാട് സംഭവവുമായി ബന്ധപ്പെട്ട് നിയമിച്ച ജോസഫ് തോമസ് കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കെതിരെ ആരെങ്കിലും ഹൈക്കോടതിയെ സമീപിച്ചിരുന്നുവോ;

(ബി) എങ്കിൽ അവർ ആരെല്ലാമായിരുന്നു;

(സി) ഈ കേസിൽ സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാരിന്റെ നിലപാടിനനുസരിച്ച് തുടരന്വേഷണം നടക്കുന്നുണ്ടോ; വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**അട്ടപ്പാടി വാലി ഇറിഗേഷൻ പ്രദേശത്ത് തമിഴ്നാട് ചീഫ് എഞ്ചിനീയറുടെ സന്ദർശനം**

6473 **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അനുമതി ഇല്ലാതെ അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി പ്രദേശത്ത് തമിഴ്നാട് ഇറിഗേഷൻ ചീഫ് എൻജിനീയറും സംഘവും സന്ദർശിച്ചത് ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എന്ത് നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുമ്പോൾ ഔദ്യോഗികമായി ഉത്തരവാദപ്പെട്ടവർ പാലിച്ചിരിക്കേണ്ട നടപടികൾ എന്തെല്ലാം;

(സി) പ്രസ്തുത നടപടികൾ തമിഴ്നാട് സർക്കാർ പാലിച്ചിട്ടുണ്ടായിരുന്നോ ; ഇല്ലെങ്കിൽ ഇത് തമിഴ്നാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയോ ; വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമ പ്രകാരമുള്ള കേസുകൾ**

6474 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരമുള്ള കേസുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്;

(സി) പ്രസ്തുത കേസുകളിൽ എല്ലാ പ്രതികളേയും അറസ്റ്റുചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത കേസുകളിൽ എല്ലാവർക്കും സമയബന്ധിതമായി ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ;

(ഇ) ഇവയിൽ ആശ്രിത നിയമനം നൽകേണ്ടവർക്ക് ഇനിയും നിയമനം ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

## <u>നഗരസഭാ കൗൺസിലർമാരെ ആക്രമിച്ച സംഭവം</u>

6475 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ നഗരസഭാ കൗൺസിലർമാരെ അവിടത്തെ ഒരുവിഭാഗം ജീവനക്കാർ ആക്രമിച്ച സംഭവത്തിൽ പോലീസ് കേസ്സെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം എത്ര കേസ്സുകൾ ആരുടെയൊക്കെ പേരിൽ എടുത്തു എന്ന് വിശദമാക്കുമോ;

(ബി) ജനപ്രതിനിധികളെയും വിവിധ ആവശ്യങ്ങൾക്കായി നഗരസഭയിലെത്തുന്ന പൊതുജനങ്ങളെയും കയ്യേറ്റം ചെയ്യുന്ന പ്രവൃത്തി ഒരു വിഭാഗം ജീവനക്കാരുടെ ഭാഗത്തുനിന്നും സ്ഥിരമായി ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനുത്തരവാദികളായ ജീവനക്കാർക്കെതിരെ വിശദമായ പോലീസ് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>തുറവൂർ മഹാക്ഷേത്ര ഭക്തജനസമിതി പ്രസിഡന്റിനെതിരെ അഴിമതി ആരോപണം</u>

**6476 ശ്രീ. എ.എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തുറവൂർ മഹാക്ഷേത്ര ഭക്തജന സമിതി പ്രസിഡന്റിനെ തിരെ അഴിമതി ആരോപണം ഉന്നയിച്ച് ഭക്തജനസമിതി ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീ. വിദ്യാധരൻ, കമ്മിറ്റി മെമ്പറായിരുന്ന ശ്രീ. രാജേഷ് എന്നിവർ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ എന്തെല്ലാം ആരോപണങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്; ഇതിന്മേൽ ഏതു തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്; അന്വേഷണ ചുമതല ആർക്കാണ് നൽകിയത്;

(സി) പ്രസ്തുത പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് പ്രഥമ വിവര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എഫ്.ഐ.ആർ-ന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>പോലീസിനെതിരെയുള്ള അക്രമം</u>

6477 **ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സംസ്ഥാനത്ത് ഗുണ്ടകളും, കവര്‍ച്ചാ സംഘങ്ങളും മണല്‍, വനം, ഭൂമി മാഫിയാ സംഘങ്ങളും പോലീസിനെ ആക്രമിച്ചിട്ടുള്ള എത്ര കേസുകള്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതില്‍ ഓരോ കേസിന്റെയും ക്രൈം നമ്പരും വിശദാംശങ്ങളും വെളിപ്പെടുത്താമോ;

(സി) ഈ അക്രമങ്ങളില്‍ എത്ര പോലീസുദ്യോഗസ്ഥര്‍ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്നും, എത്ര പേര്‍ക്കു പരിക്കേറ്റെന്നും അതില്‍ എത്ര പേര്‍ പരിക്കുകളോടെ ആശുപത്രിയിലായെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത സംഘങ്ങളുടെ അക്രമങ്ങളെ അതിജീവിക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**11.07.2012 -ലെ മറുപടിക്ക്**

<u>**തലസ്ഥാന നഗരിയിലെ അനധികൃത സർവ്വേ**</u>

6478 **ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി**
**,, പി. കെ. ബഷീർ**
**,, സി. മോയിൻകുട്ടി**
**,, എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർ കൂട്ടായി താമസിക്കുന്ന തലസ്ഥാന നഗരിയിലെ ചില പ്രദേശങ്ങളിൽ മുൻ സർക്കാറിന്റെ കാലത്ത് അനധികൃത സർവ്വേ നടത്തിയ സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനെക്കുറിച്ച് നടത്തിയ അന്വേഷണഫലമെന്താണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സർവ്വേ നടത്തിയവരെ പിടികൂടിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെയാണ് ; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ;

(ഡി) ആർക്ക് വേണ്ടിയാണ് ഈ സർവ്വേ നടത്തിയതെന്നും ആയതിന്റെ ഉദ്ദേശം എന്തായിരുന്നുവെന്നും കണ്ടെത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 11.07.2012 -ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ വാഹന മോഷണങ്ങൾ</u>

6479 ശ്രീ. എം. ഹംസ
ശ്രീമതി. കെ. കെ. ലതിക
ഡോ. കെ. ടി. ജലീൽ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനമോഷണങ്ങൾ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട വാഹനമോഷണ കേസുകളിൽ ഇതുവരെ വാഹനം കണ്ടെത്താൻ കഴിയാത്തവ എത്രയാണെന്ന് ലഭ്യമായ കണക്കുകൾ അനുസരിച്ച് വെളിപ്പെടുത്താമോ;

(സി) വാഹനങ്ങൾ നിർത്തിയിട്ടാലുടൻ മോഷ്ടിക്കപ്പെടുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നതിനെക്കുറിച്ച് സമഗ്രമായി പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.07.2012 -ലെ മറുപടിക്ക്

<u>കൊട്ടാരക്കരയിലെ മോഷണക്കേസുകൾ</u>

6480 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര പോലീസ് സർക്കിളിന്റെ പരിധിയിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുളളിൽ എത്ര മോഷണം നടന്നിട്ടുണ്ട്; വിശദമാക്കാമോ;

(ബി) എത്ര കേസ്സുകളിൽ പ്രതികളെ പിടിച്ചിട്ടുണ്ട്: അന്വേഷണ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(സി) തമിഴ്നാട് മോഷ്ടാക്കളുമായി ബന്ധമുളള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അന്വേഷണം ഏതു ഘട്ടത്തിലാണെന്നും അന്വേഷണത്തിന് നേതൃത്വം കൊടുക്കുന്നതാരാണെന്നും വിശദമാക്കാമോ;

(ഡി) തേവലപ്പുറം പടിഞ്ഞാറ് രജനീ മന്ദിരത്തില രജനിയുടെ വീട്ടിൽ നടന്ന മോഷണം സംബന്ധിച്ച കേസ് തെളിയേണ്ടും പട്ടികയിൽപ്പെടുത്തി അന്വേഷണം മരവിപ്പിച്ചതിനെതിരെ പരാതിക്കാരി സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; കേസ് റീ-ഓപ്പൺ ചെയ്ത് അന്വേഷണം നടത്തുമോ;

(ഇ) തമിഴ്നാട്ടുകാരുടെ സാന്നിദ്ധ്യം അധികമുളള പ്രസ്തുത പ്രദേശത്ത് നിരീക്ഷണം നടത്തുവാനും പോലീസ് രാത്രികാല പട്രോളിംഗ് നടത്തുവാനും പ്രത്യേക ടീം രൂപീകരിക്കുവാൻ കൊട്ടാരക്കര റൂറൽ എസ്.പി.ക്ക് നിർദ്ദേശം നൽകുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**അനീഷ് രാജന്‍ കൊലക്കേസ് - എസ്.എഫ്.ഐ യുടെ സമരം**

**6481 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) എസ്.എഫ്.ഐ നേതാവ് അനീഷ് രാജനെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട കേസ്സിലെ മുഴുവന്‍ പ്രതികളെയും അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് എസ്.എഫ്.ഐ യുടെ നേതൃത്വത്തില്‍ നടക്കുന്ന സമരങ്ങളില്‍ ഇതുവരെ എത്ര എസ്.എഫ്.ഐ കാര്‍ക്ക് പോലീസിന്റെ അടിയേറ്റ് പരിക്കു പറ്റിയിട്ടുണ്ട്; ഇതില്‍ എത്ര പേരുടെ പരിക്കുകള്‍ ഗുരുതരമാണ്;

(സി) ഈ സമരത്തിനെതിരെ സംസ്ഥാനത്ത് എത്ര ലാത്തിച്ചാര്‍ജ്ജുകള്‍ നടന്നിട്ടുണ്ട് ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>വയനാട് ജില്ലയിലെ ഭൂസമരം</u>

6482 ശ്രീ. എ. കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
,, പി. റ്റി. എ. റഹീം
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഇപ്പോൾ ഭൂമിക്ക് വേണ്ടി സമരം ചെയ്ത എത്ര ആദിവാസികളെയാണ് ജയിലിലടച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി) ഇവർക്ക് ജാമ്യം നിഷേധിക്കപ്പെടാൻ തക്ക സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ ;

(സി) ജാമ്യം ലഭിക്കാതെയുള്ളവർ കുറ്റങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പറയാമോ ;

(ഡി) ഭൂമിയ്ക്ക് വേണ്ടി സമരം ചെയ്യുന്ന ആദിവാസികളെ ഇപ്രകാരം ജാമ്യമില്ലാത്ത കുറ്റങ്ങൾ ആരോപിച്ച് ജയിലിലടക്കുന്നത് ഈ സർക്കാരിന്റെ നയമാണോ എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>സമരം നടത്തുന്നവർക്കെതിരെ പോലീസ് നടപടി</u>

6483 ശ്രീ. എം. എ. ബേബി
'' ജി. സുധാകരൻ
'' രാജു എബ്രഹാം
'' പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്ത് നടത്തുന്ന സമരങ്ങൾക്ക്നേരെ ലാത്തി ച്ചാർജ്ജ്, ജലപീരങ്കി, ഗ്രനേഡ്, ടിയർഗ്യാസ് പ്രയോഗ ങ്ങൾ നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ഏതെല്ലാം സ്ഥലങ്ങളിൽ ഏതെല്ലാം സമരങ്ങളിൽ പങ്കെ ടുത്തവർക്കെതിരെ ലാത്തിച്ചാർജ്ജ്, ജലപീരങ്കി, ഗ്രനേഡ്, ടിയർഗ്യാസ് പ്രയോഗങ്ങൾ നടക്കുകയുണ്ടാ യി;

(സി) ഇവയുടെ ഫലമായി ഏതെല്ലാം സ്ഥലങ്ങളിൽ സമര ത്തിൽ പങ്കെടുത്ത എത്ര പേർക്ക് പരിക്കുപറ്റുകയു ണ്ടായി ; എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി ;

(ഡി) നിയമവിരുദ്ധമായി പ്രവർത്തിച്ച എത്ര പോലീസു കാർക്കെതിരെ, ഏതെല്ലാം സംഭവങ്ങളിൽ നടപടി സ്വീ കരിക്കുകയുണ്ടായി ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ സമരങ്ങൾ**

**6484 ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ സമരങ്ങൾ നടക്കുന്നത് നിരീക്ഷിക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര വിദ്യാർത്ഥി സമരങ്ങളിൽ പോലീസ് ലാത്തിച്ചാർജ്ജും ബലപ്രയോഗവും നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സമരത്തിന്റെ ഭാഗമായി എത്ര പേർക്ക് എതിരെ കേസെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇതിൽ എത്ര പേരെ ജയിലിലടച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**താനൂരിൽ ജനമൈത്രി പോലീസ് പദ്ധതി**

**6485**

### ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിൽ ജനമൈത്രി പോലീസ് നടപ്പിൽ വരുത്താൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എന്ന് നടപ്പിലാക്കാനാകുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴയിലെ ജനമൈത്രി പോലീസ് സംവിധാനം**

6486

ശ്രീ. കെ. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ജനമൈത്രി പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; ഇതിന്റെ ഫലമായി കുറ്റകൃത്യങ്ങൾ തടയാനോ കുറയ്ക്കുവാനോ കഴിഞ്ഞിട്ടുണ്ടോ;

(ബി) വൃദ്ധജനങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക പരിഗണന നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലയിലെ കൂടുതൽ പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കാസർഗോഡ് അന്യസംസ്ഥാനതൊഴിലാളികൾ പ്രതികളായ കേസുകൾ**

**6487 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ അന്യസംസ്ഥാനക്കാരായ തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഇവയിൽ കവർച്ച, കള്ളനോട്ട്, മയക്കുമരുന്ന് കച്ചവടം, കൊലപാതകം എന്നിവയിന്മേൽ എത്ര വീതം കേസുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) എത്ര കൊലപാതക കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ?

**കേരള നിയമസഭ**
**11.07.2012 -ലെ മറുപടിക്ക്**

**സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളുടെ അന്വേഷണം**

**6488** **ശ്രീ. ഇ.പി. ജയരാജൻ**
**,, എളമരം കരീം**
**,, എം. ചന്ദ്രൻ**
**,, കെ.കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തുണ്ടാകുന്ന കൊലപാതകങ്ങൾ സംബന്ധിച്ച അന്വേഷണങ്ങൾ രാഷ്ട്രീയ പ്രേരിതമായി നടത്താറുണ്ടോ; എങ്കിൽ അവ രാഷ്ട്രീയ പ്രേരിതമല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ;**

(ബി) **ഈ സർക്കാർ അധികാരമേറ്റ ശേഷം നടന്ന നാന്നൂറോളം കൊലപാതകങ്ങളിൽ എത്രയെണ്ണത്തിന്റെ അന്വേഷണം ഇപ്പോഴും നടക്കുന്നു;**

(സി) **എല്ലാ കൊലപാതക സംഭവങ്ങളേയും ഒരു പോലെ കാണാനും നീതിപൂർവ്വമായും ഊർജ്ജിതമായും അന്വേഷിക്കാൻ തയ്യാറാവാത്തതും എന്തുകൊണ്ടാണ്;**

(ഡി) **ഇടുക്കിയിലെ അനീഷ്‌രാജ്, വടകരയിലെ ടി.പി. ചന്ദ്രശേഖരൻ എന്നിവരുടെ കൊലപാതകങ്ങൾ ഏതെല്ലാം തീയതികളിലാണ് നടന്നത്;**

(ഇ) **മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയുമുൾപ്പെടെയുള്ള മന്ത്രിമാരും കേന്ദ്രമന്ത്രിമാരും മറ്റ് മന്ത്രിമാരും കൊല ചെയ്യപ്പെട്ട മേല്പറഞ്ഞ ആരുടെയെല്ലാം വീടുകൾ സന്ദർശിക്കുകയുണ്ടായി;**

(എഫ്) **കൊല ചെയ്യപ്പെട്ടവരുടെ പോസ്റ്റുമോർട്ടം നടത്തിയ ഏതെല്ലാം ആശുപത്രികൾ ആഭ്യന്തരമന്ത്രി സന്ദർശിക്കുകയുണ്ടായി?**

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ഇടുക്കി ജില്ലയിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങൾ**

6489 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇടുക്കി ജില്ലയിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) അനീഷ് രാജന്റെ കൊലപാതകക്കേസിൽ ആകെ എത്ര പ്രതികളാണ് ഉണ്ടായിരുന്നത്; ഏതെങ്കിലും പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടോ; എങ്കിൽ എന്തു കൊണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>കസ്റ്റഡിമരണങ്ങളുടെ വിശദാംശം</u>

6490

**ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉണ്ടായ കസ്റ്റഡി മരണങ്ങൾ എവിടെയെല്ലാമാണെന്നും മരണപ്പെട്ടത് ആരെല്ലാമാണെന്നും പ്രത്യേകം വിശദമാക്കാമോ?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>കെ. സുധാകരൻ എം. പി. നടത്തിയ പ്രസംഗം</u>

6491 ശ്രീ. ഇ. പി. ജയരാജൻ
,, ജെയിംസ് മാത്യൂ
,, കെ. കെ. നാരായണൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് തോക്ക് നൽകിയത് ആളെ കൊല്ലാനാണ് എന്ന് പ്രഖ്യാപിച്ചു കൊണ്ട് കെ. സുധാകരൻ എം. പി. കണ്ണൂരിൽ നടത്തിയ പ്രസംഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ണൂരിലെ നാല്പാടി വാസു കൊലക്കേസിന്റെ എഫ്. ഐ. ആറിൽ പേര് ഉണ്ടായിരുന്ന ആളാണോ ശ്രീ. കെ. സുധാകരൻ;

(സി) എങ്കിൽ ഈ വധക്കേസുമായി ബന്ധപ്പെടുത്തി അദ്ദേഹം ഇപ്പോൾ നടത്തിയതായ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ഡി) വധിക്കപ്പെട്ട നാല്പാടി വാസുവിന്റെ ബന്ധുക്കൾ ഈ ആവശ്യം ഉന്നയിച്ചു കൊണ്ട് ഹർജി നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

എം.എം. മണിയുടെ പ്രസംഗം

6492 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം.എം. മണിയുടെ പ്രസംഗം കുറ്റ സമ്മതമൊഴിയായി കണക്കാക്കിയിട്ടുണ്ടോ;

(ബി) അദ്ദേഹത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്തത് എന്ത് അടിസ്ഥാനത്തിലാണ്;

(സി) ഇന്ത്യൻ നിയമവ്യവസ്ഥയിൽ കുറ്റ സമ്മത മൊഴിയെക്കുറിച്ച് പറയുന്നതെന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) പൊതുവേദിയിലെ പ്രസംഗം കുറ്റസമ്മതമൊഴിയായി കണക്കാക്കാമെന്ന് ഇന്ത്യൻ നിയമവ്യവസ്ഥയിലെ ഏതെങ്കിലും വകുപ്പ് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**<u>ടി. പി. ചന്ദ്രശേഖരൻ വധകേസ്</u>**

**6493 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധകേസുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണസംഘം അന്വേഷണത്തിന്റെ ഭാഗമായി ഇതുവരെ എത്ര പേരിൽനിന്നും തെളിവുകൾ ശേഖരിക്കുകയുണ്ടായി; ഇതിനായി എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; അറസ്റ്റുചെയ്ത എത്രയാളുകളെ നിശ്ചിത സമയത്തിനകം കോടതിയിൽ ഹാജരാക്കുകയുണ്ടായി; അതിൽ എത്രപേർ ഇപ്പോഴും റിമാന്റിൽ കഴിയുന്നു; അവർ ആരൊക്കെയാണ്;

(ബി) ഇവർ ഓരോരുത്തരും ഇപ്പോൾ ഏതെല്ലാം രാഷ്ട്രീയ പാർട്ടിയും സംഘടനയും ആയി ബന്ധപ്പെട്ടവരാണ്; ഒരു സംഘടനയുമായും ബന്ധമില്ലാത്തവർ ആരൊക്കെയാണ്?

# കേരള നിയമസഭ

## 11.07.2012 -ലെ മറുപടിക്ക്

**<u>അരീക്കോട് ഇരട്ടക്കൊലക്കേസിലെ ആറാം പ്രതിയുടെ പ്രസംഗം</u>**

6494

**ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അരീക്കോട് ഇരട്ടക്കൊലക്കേസിലെ ആറാം പ്രതി കൊലപാതകം നടക്കുന്നതിന് ഒരാഴ്ചമുമ്പ് 3.6.2012 ന് ഒരു കുടുംബ സഹായ നിധി വിതരണം ചെയ്യുന്ന ചടങ്ങിൽ വച്ച് പ്രകോപനപരമായി പ്രസംഗിച്ചത് അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസംഗത്തിൽ ആരെയും വെറുതെ വിടില്ല എന്ന പ്രഖ്യാപനം ആറാം പ്രതി നടത്തിയിട്ടുണ്ടായിരുന്നുവോ;

(ബി) പ്രസ്തുത പ്രതിയെ അറസ്റ്റ് ചെയ്ത് പ്രതിക്ക് കൊലപാതകത്തിൽ ഉള്ള പങ്ക് സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ;

(സി) പ്രസ്തുത പ്രതിയെ അറസ്റ്റ് ചെയ്യാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**<u>അരിക്കോട് ഇരട്ട കൊലപാതകക്കേസ്സിലെ പ്രതികൾ</u>**

**6495**

**ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അരിക്കോട് ഇരട്ടക്കൊലപാതകകേസ്സിലെ ഏതെല്ലാം പ്രതികളെയാണ് അറസ്റ്റ് ചെയ്യാനുളളത്; വിശദാംശം വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത കേസിൽ അറസ്റ്റ് ചെയ്യപ്പെട്ടവർക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായി ബന്ധമുണ്ടോ;**

(സി) **ഉണ്ടെങ്കിൽ ഏതു രാഷ്ട്രീയ പാർട്ടിയുമായിട്ടാണെന്നും പ്രസ്തുത പാർട്ടിയിൽ അവർ വഹിക്കുന്ന ചുമതല എന്താണെന്നും വിശദാംശം വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**മാറഞ്ചേരിയിലെ സുറൂർ മലയംകുളത്തേൽ കൊലപാതകം**

6496 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കിൽ മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ 10 വർഷങ്ങൾക്കുമുമ്പ് നടന്ന സുറൂർ മലയംകുളത്തേൽ എന്നയാളുടെ കൊലപാതം സംബന്ധിച്ച കേസന്വേഷണം ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്;

(സി) പ്രതികൾ ആരെന്ന് വ്യക്തമായിട്ടുണ്ടോ; പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കായൽമഠത്തിൽ അബ്ദുൽ നാസർ കൊലപാതകക്കേസ്**

**6497 ഡോ: കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കായൽമഠത്തിൽ അബ്ദുൽ നാസർ, കുറുക്കോൾ, ചെറിയമുണ്ടം, കൽപകഞ്ചേരി, മലപ്പുറം എന്ന ആളുടെ കൊലപാതകവുമായി ബന്ധപ്പെട്ട് പാലക്കാട് ക്രൈംബ്രാഞ്ച് അന്വേഷിക്കുന്ന കേസിന്റെ അന്വേഷണം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ആരെയെങ്കിലും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഈ കേസന്വേഷണം ഊർജിതമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ബാലകൃഷ്ണനെ വധിച്ച കേസിന്റെ പുനരന്വേഷണം**

**6498 ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ യൂത്ത് കോൺഗ്രസ് നേതാവ് ബാലകൃഷ്ണനെ വധിച്ച കേസ് പുനരന്വേഷിക്കണം എന്ന ബാലകൃഷ്ണന്റെ അച്ഛൻ ഗോപാലന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേസിന്റെ പുനരന്വേഷണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**യൂത്ത് കോണ്‍ഗ്രസ് നേതാവ് ബാലകൃഷ്ണനെ വധിച്ച കേസ്**

**6499** **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍കോട് യൂത്ത് കോണ്‍ഗ്രസ് മണ്ഡലം പ്രസിഡന്റായിരുന്ന ബാലകൃഷ്ണന്‍ കൊല ചെയ്യപ്പെട്ട കേസില്‍ അദ്ദേഹത്തിന്റെ പിതാവ് മുഖ്യമന്ത്രിയ്ക്കയച്ച കത്തിന്റെ വെളിച്ചത്തില്‍ പുനരന്വേഷണത്തിന് ഉത്തരവിടുമോ;

(ബി) ഇല്ലെങ്കില്‍ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**11.07.2012 -ലെ മറുപടിക്ക്**

**<u>പൊരുന്തമൺ-ൽ വാഹനാപകടങ്ങൾ പെരുകുന്നത് തടയുന്നതിന് നടപടി</u>**

**6500**

**ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിൽ പൊരുന്തമൺ-ൽ വാഹനാപകടങ്ങൾ പെരുകുന്നത് തടയുന്നതിന് നാറ്റ്പാക് എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) അവയിൽ ഏതെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**<u>സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്</u>**

**6501 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ എന്നാണ് തീരുമാനിച്ചത് ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**വനിതാ പോലീസ് ഓഫീസർമാർ**

6502 **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ പോലീസ് സബ് ഇൻസ്പെക്ടർ തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികകളിലെ പുരുഷ ഓഫീസർമാർക്ക് ആനുപാതികമായി വനിതാ ഓഫീസർമാർ നിലവിലുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള പോലീസ് ഫോഴ്സിന്റെ 10% വനിതാ പോലീസിനെ നിയമിക്കും എന്ന പ്രഖ്യാപനത്തിന് അനുസരിച്ച് ഓഫീസർ റാങ്കിംഗ് നടപ്പിലാക്കുമോ;

(സി) 1991 ബാച്ചിലെ വനിതാ പോലീസുകാരിൽ എത്രപേരെ പ്രൊമോട്ട് ചെയ്തു എന്നും ഇനി എത്രപേരെ പ്രൊമോട്ട് ചെയ്യുവാനുണ്ട് എന്നും അവരെ പ്രൊമോട്ട് ചെയ്യുന്നതിന് എന്ത് നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**സർക്കിൾ ഇൻസ്പെക്ടർമാരുടെ ഡേ-ഓഫ് അലവൻസ്**

6503

**ശ്രീ. കെ. മുരളീധരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സർക്കിൾ ഇൻസ്പെക്ടർമാർക്ക് എത്ര രൂപ നിരക്കിലാണ് ഡേ-ഓഫ് അലവൻസ് അനുവദിച്ചിട്ടുളളത്; ഇത് സംബന്ധിച്ച ഉത്തരവിലെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഡേ-ഓഫ് അലവൻസ് ഇതുവരെയും ലഭ്യമാകാത്ത സർക്കിൾ ഇൻസ്പെക്ടർമാർ എത്ര പേരുണ്ട്;

(സി) എന്ത് സാങ്കേതിക തടസ്സം നിമിത്തമാണ് പ്രസ്തുത സർക്കിൾ ഇൻസ്പെക്ടർമാർക്ക് ഇതുവരെ ഡേ-ഓഫ് അലവൻസ് ലഭിക്കാത്തത്;

(ഡി) അർഹരായ മുഴുവൻ സർക്കിൾ ഇൻസ്പെക്ടർമാർക്കും ഡേ-ഓഫ് അലവൻസ് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>വാഹന പരിശോധന</u>

6504 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഹെൽമറ്റ് ഉപയോഗിക്കാത്തതിന്റെ പേരിലും സീറ്റ് ബൽറ്റ് ഉപയോഗിക്കാത്ത തിന്റെ പേരിലും പിഴയിനത്തിൽ എത്ര തുക വീതം സമാഹരിച്ചു; വാഹനത്തിന്റെ കൃത്യമായ രേഖകൾ ഹാജരാക്കാത്തതിന്റെ പേരിൽ എത്ര തുക സമാഹരിച്ചു; വ്യക്തമാക്കുമോ ;

(ബി) വാഹന പരിശോധന നടത്താൻ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ഏത് പദവി മുതൽ ഉളളവരായിരിക്കണമെന്നാണ് നിർദ്ദേശം ഉളളത് ; വിശദമാക്കുമോ ;

(സി) പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി സംസ്ഥാനത്തിന്റെ പല ഭാഗത്തും പോലീസ് വാഹന പരിശോധന നടത്തി സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) വാഹന പരിശോധന പാടില്ലാത്ത ട്രാഫിക് സിഗ്നൽ പോലുളള സ്ഥലങ്ങളിൽ വാഹന പരിശോധന നടത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരമുളള സ്ഥലങ്ങളിലെ വാഹന പരിശോധന തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ദേശീയ പാതയിൽ ട്രാഫിക് നിയമ ലംഘനം തടയുന്നതിന് ക്യാമറ**

6505

ശ്രീ. സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിൽ ട്രാഫിക് നിയമം ലംഘിക്കുന്നവരെ കണ്ടുപിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിനായി ദേശീയപാതകളിൽ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത സംവിധാനം ഇപ്പോൾ ഏതെല്ലാം ദേശീയ പാതകളിൽ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇനി ഏതെല്ലാം ദേശീയ പാതകളിലാണ് പ്രസ്തുത സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

### ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി

6506 ശ്രീ. പാലോട് രവി
,, എം. പി. വിൻസന്റ്
,, കെ. അച്ചുതൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കാമോ;

(ബി) റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും വിലപ്പെട്ട മനുഷ്യജീവൻ രക്ഷിക്കുന്നതിനും കമ്മിറ്റികളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**11.07.2012 -ലെ മറുപടിക്ക്**

**മലപ്പുറം ജില്ലയിലെ സ്റ്റുഡന്റ് പോലീസ് സ്കീം**

**6507 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കീം മലപ്പുറം ജില്ലയിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ നടന്നുവരുന്നെന്ന് വിശദമാക്കാമോ ;

(ബി) കൂടുതൽ വിദ്യാലയങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ താനൂർ നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളിൽ എന്ന് പദ്ധതി നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് കൂടുതൽ കേന്ദ്രസഹായം**

6508 **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**,, വി. റ്റി. ബൽറാം**
**,, സണ്ണി ജോസഫ്**
**,, ലൂഡി ലൂയിസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ സഹായം വേണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഈ സ്റ്റേഷനുകളിൽ അനുവദിച്ചിട്ടുള്ള ബോട്ടുകളുടെ കേടുപാടുകൾ നീക്കാനുള്ള സൗകര്യത്തിന് എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**മലപ്പുറം ജില്ലയിൽ തീരദേശ പോലീസ് സ്റ്റേഷൻ**

6509 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **പുതുതായി തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;**

(ബി) **എങ്കിൽ ഏറെ തീരപ്രദേശമുള്ള മലപ്പുറം ജില്ലയിൽ പുതിയ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ സെൽ</u>

6510 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ സെൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെൽ വഴി ലഭിക്കുന്നത് ;

(ഡി) സംസ്ഥാനം മുഴുവനും ഇത് വ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

ഐ. ആർ. ബി. കമാൻഡോ വിംഗ് റാങ്ക് ലിസ്റ്റിലെ നിയമനം

6511 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ. ആർ. ബി. കമാൻഡോ വിംഗ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇന്ത്യാ റിസർവ്വ് ബറ്റാലിയന്റെ രണ്ടാം ബാച്ചിന്റെ ട്രെയിനിംഗ് എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ;

(സി) ഈ ലിസ്റ്റിൽ നിന്നും വ്യവസായ സുരക്ഷാ സേനയിലേക്ക് സി. ഐ. എസ്. എഫ്. മാതൃകയിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് ഈ ലിസ്റ്റിൽ നിന്ന് രണ്ടാമത് ബാച്ചിന് വേണ്ട സേനാംഗങ്ങളെ തെരഞ്ഞെടുക്കുമോ;

(ഇ) നിലവിലുള്ള ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ പ്രായം പരിഗണിച്ചും തുടർന്നുള്ള റിക്രൂട്ട്മെന്റിൽ പങ്കെടുക്കുവാൻ ഇവർക്ക് അവസരം ഇല്ലാത്തതിനാലും ഈ ലിസ്റ്റിൽ നിന്നും പരമാവധി ആളുകളെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**പാസിംഗ് ഔട്ട് പരേഡിനായി വാങ്ങിയ സാധനസാമഗ്രികൾ**

**6512 ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂരിലെ കേരള ആംഡ് പോലീസ് മൂന്നാം ബറ്റാലിയൻ പാസിംഗ് ഔട്ട് പരേഡിൽ ട്രെയിനികൾക്ക് ധരിക്കാനുള്ള ക്യാപ്പുകളും മറ്റ് സാമഗ്രികളും പോലീസ് സ്റ്റോറിൽ നിന്ന് തന്നെയാണോ വാങ്ങിയതെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് സ്റ്റോറിൽ നിന്നല്ലെങ്കിൽ എവിടെനിന്നാണ് വാങ്ങിയതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) കൂടിയ വിലയ്ക്കുള്ള ക്യാപ്പുകളും മറ്റും സ്വകാര്യ കമ്പനിയിൽ നിന്ന് വാങ്ങി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>കെ. എ. പി. പാസിംഗ് ഔട്ട് പരേഡിനായി പണപ്പിരിവ്</u>

6513 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടൂരിലെ കേരള ആംഡ് പോലീസ് മൂന്നാം ബറ്റാലിയൻ പാസ്സിംഗ് ഔട്ട് പരേഡിനായി ട്രെയിനികളിൽ നിന്ന് പണപ്പിരിവ് നടത്തിയിട്ടുണ്ടോ ;

(ബി) എത്ര രൂപ വീതമാണ് പിരിവ് നടത്തിയതെന്നും ആരുടെ നിർദ്ദേശ പ്രകാരമാണെന്നും വ്യക്തമാക്കാമോ ;

(സി) ഈ തുക ചെലവഴിച്ചതെങ്ങനെയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>കൊല്ലം റൂറൽ എസ്.പി. ആഫീസിന് ആസ്ഥാനമന്ദിരം</u>

6514 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ എസ്.പി. ആഫീസിന് സ്വന്തമായി ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷൻ എത്ര നാളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു;

(സി) പ്രസ്തുത സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കോങ്ങാട് പോലീസ് സ്റ്റേഷൻ നവീകരണം**

6515 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് പോലീസ് സ്റ്റേഷന്റെ നവീകരണ പ്രവർത്തനത്തിനായി സമർപ്പിയ്ക്കപ്പെട്ടിട്ടുളള പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് സംബന്ധിച്ച് പി. എച്ച്. ക്യൂ. വിൽ നിലവിലുളള ഫയലിന്റെ കലണ്ടർ ഓഫ് ആക്ഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം ലഭ്യമാകുന്ന മുറക്ക് കെട്ടിടം നിർമ്മിയ്ക്കാമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുളള സാഹചര്യത്തിൽ ശോചനീയാവസ്ഥയിലുളള കോങ്ങാട് പോലീസ് സ്റ്റേഷന്റെ നവീകരണ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**മയ്യിൽ പോലീസ് സ്റ്റേഷന് കെട്ടിടം**

6516 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മയ്യിൽ പോലീസ് സ്റ്റേഷൻ നിലവിൽ സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) അല്ലെങ്കിൽ കെട്ടിടത്തിന് എത്ര രൂപയാണ് വാടകയായി നല്കുന്നത് ;

(സി) സ്വന്തമായി കെട്ടിടം പണിയുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ; ഇതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോ ;

(ഡി) സ്ഥലം ലഭ്യമായിട്ടില്ലെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) തളിപ്പറമ്പ് താലൂക്കിലെ മയ്യിൽ പഞ്ചായത്തിൽ പെടുന്ന സ്ഥലം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് അടിയന്തിര തീരുമാനം എടുക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>ചിറയിൻകീഴ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>

6517 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(സി) കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഈ തടസ്സങ്ങൾ നീക്കി പണി നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കെട്ടിടം എന്ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനക്ഷമമാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>റാന്നി-പെരുനാട് പോലീസ് സ്റ്റേഷൻ</u>

6518 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എത്ര സ്ഥലമാണ് വിട്ടു നൽകിയിരിക്കുന്നത്;

(ബി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുവാനുള്ള ഫണ്ടിന്റെ ലഭ്യതയെക്കുറിച്ച് വെളിപ്പെടുത്തുമോ;

(സി) കെട്ടിടനിർമ്മാണം അടിയന്തിരമായി ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**പോലീസിനെ ആക്രമിച്ച് വയർലെസ് സെറ്റ് തട്ടിയെടുത്ത സംഭവം**

6519

**ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പോലീസിനെ ആക്രമിച്ച് വയർലെസ് സെറ്റ് തട്ടിയെടുത്തതായി പറയുന്ന സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) കേസിൽ എത്ര പ്രതികളുണ്ട്; പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിൽ പോലിസ് എയ്ഡ് പോസ്റ്റുകൾ**

**6520 ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരസഭയിലെ കാന്തക്കാട്ട് പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് താലൂക്ക് സഭയുടെഅപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) കാസർഗോഡ് ഏതെല്ലാം പ്രദേശത്ത് പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**<u>കാസർഗോഡ് ജില്ലയിലെ 'സെൻസിറ്റീവ്' പ്രദേശങ്ങൾ</u>**

**6521 ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർകോട് നഗരസഭയിലും സമീപ പഞ്ചായത്തുകളിലും ആക്രമണങ്ങളുടേയും അനിഷ്ട സംഭവങ്ങളുടേയും കാര്യത്തിൽ ഏതൊക്കെ പ്രദേശങ്ങളാണ് കൂടുതൽ സെൻസിറ്റീവ് ആയി കണ്ടെത്തിയിട്ടുളളത്;

(ബി) സെൻസിറ്റീവ് പ്രദേശങ്ങളിൽ ഏത് രീതിയിലുള്ള മുൻകരുതലുകളും പ്രതിരോധ നടപടികളുമാണ് പോലീസ് സ്വീകരിച്ചിട്ടുളളത്;

(സി) സാമൂഹ്യദ്രോഹികളേയും അക്രമകാരികളേയും കണ്ടെത്താൻ സി.സി.വി. ക്യാമറകൾ സ്ഥാപിക്കുന്ന കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു; കാസർകോഡ് ഇത്തരം എത്ര ക്യാമറകൾ, എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളത്; ഇനി എവിടെയൊക്കെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു; ഇതിനു വേണ്ടി വരുന്ന ചെലവ് എത്രയെന്നും ഇതിനുള്ള തുക ഏതു ഫണ്ടിൽ നിന്നാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**പോലീസ്സേനയുടെ വാഹനസൗകര്യങ്ങൾ**

6522 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹിദ്
,, സി. പി. മുഹമ്മദ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ വാഹനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഇതിനായി സർക്കാർ എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത ധനസഹായങ്ങൾ നിലനിർത്താൻ എന്തെല്ലാം നടപടികൾ സംസ്ഥാന സർക്കാർ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

### പോലീസ് വകുപ്പിലെ വാഹനങ്ങൾ

6523 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേരള പോലീസിനായി എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി; ആയതിന്റെ ചെലവ് എത്ര;

(ബി) ഇനി കേരള പോലീസിനുവേണ്ടി എത്ര വാഹനങ്ങൾകൂടിവാങ്ങാൻ ഉദ്ദേശിക്കുന്നു; ആയതിന് എത്ര രൂപ ചെലവ് വരുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(സി) ഏതൊക്കെ വാഹനങ്ങളാണ് വാങ്ങിയതെന്നും ആർക്കൊക്കെയാണ് ഇവ നൽകിയതെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം പുതിയ വാഹനങ്ങൾ വാങ്ങി പണം ധൂർത്തടിക്കുമ്പോൾ പഴയ വാഹനങ്ങൾ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) മന്ത്രിമാരുടെ പൈലറ്റായി ആഭ്യന്തരവകുപ്പ് എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നു; ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ പൈലറ്റ് വാഹനമായി പോലീസ് വാഹനം ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ:

(എഫ്) സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പോലീസ് വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കുടുംബം അയൽ സംസ്ഥാനത്ത് നിന്നും വന്നപ്പോൾ തലസ്ഥാനത്തുള്ള പോലീസ്ജീപ്പുകൾ ഉപയോഗിച്ച് വിവിധ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽഎന്ത്നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**വട്ടിയൂർക്കാവ് മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങൾ**

**6524** **ശ്രീ. കെ. മുരളീധരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് മണ്ഡലത്തിന്റെ പരിധിയിലുളള പോലീസ് സ്റ്റേഷനുകളിൽ 2011 ജൂൺ മുതൽ പുതുതായി ലഭ്യമാക്കിയ വാഹനങ്ങളുടെ വിശദവിവരം നൽകാമോ ;

(ബി) പ്രസ്തുത പ്രദേശത്ത് ഏതൊക്കെ സ്റ്റേഷനുകളിൽ എത്ര വാഹനങ്ങളാണ് അധികമായി ആവശ്യമുളളതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

### റാന്നി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

6525 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷനു വേണ്ടി പോലീസ് ഹൗസിംഗ് കോർപ്പറേഷൻ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന് എത്ര രൂപയാണ് വിവിധ സ്കീമുകളിൽ നിന്നും ലഭിച്ചിരിക്കുന്നത്;

(ബി) വിശദമായ പ്ലാനിൽ ഏതൊക്കെ ആഫീസുകൾക്കു വേണ്ടിയാണ് പുതിയ കെട്ടിടം വിഭാവനം ചെയ്തിരിക്കുന്നത്;

(സി) ഈ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ;

(ഡി) ബേസ്മെന്റിൽ കാണപ്പെട്ട പാറ പൊട്ടിച്ചു മാറ്റാൻ അടിയന്തിരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി**

**6526** **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സി. ബി. ഐ. മാതൃകയിൽ സംസ്ഥാനത്ത് സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഏജൻസി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>സി. ബി.ഐ അന്വേഷണത്തിന് അനുമതി നൽകിയ കേസുകൾ</u>

6527 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഇതുവരെ എത്ര കേസുകളിൽ സി. ബി.ഐ അന്വേഷണത്തിന് അനുമതി നൽകി വിജ്ഞാപനം ഇറക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സി. ബി.ഐ അന്വേഷണത്തിനുള്ള വിജ്ഞാപനം കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കാത്ത എത്ര കേസുകളുണ്ട്; വ്യക്തമാക്കുമോ;

(സി) ഏത് കേസാണെന്നും എന്തു കൊണ്ടാണ് വിജ്ഞാപനം അയച്ചു കൊടുക്കാത്തതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**വിവിധ ഏജൻസികൾ അന്വേഷിക്കുന്ന കേസുകൾ**

**6528 ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഏജൻസികൾ അന്വേഷിക്കുന്ന കേസുകൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്രൈം ബ്രാഞ്ച്, വിജിലൻസ് വിഭാഗങ്ങൾ അന്വേഷിക്കുന്ന കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(സി) സി. ബി.ഐ. അന്വേഷിക്കുന്ന കേസുകൾ ഏതെല്ലാമാണ് ;

(ഡി) കേസുകളുടെ അന്വേഷണം വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

### സദാചാര പോലീസ് അതിക്രമങ്ങൾ

6529 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നിയമവ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ടുള്ള സദാചാര പോലീസ് അക്രമം വർദ്ധിച്ചുവരുന്നത് ഗൗരവമായി പരിശോധിച്ചുവരുന്നുണ്ടോ;

(ബി) ഇതിന്റെ പിന്നിൽ ഏതെങ്കിലും മതസംഘടനകൾക്ക് ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**വ്യാജമുദ്രപത്ര നിർമ്മാണം**

6530 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് വ്യജമുദ്രപത്രങ്ങൾ നിർമ്മിച്ചതുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്;**

(ബി) **വ്യാജമായി എത്ര രൂപയുടെ മുദ്രപത്രം നിർമ്മിച്ചതായിട്ടാണ് അന്വേഷണ ഏജൻസി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**<u>സാമ്പത്തിക തട്ടിപ്പുകളെക്കുറിച്ചുള്ള അന്വേഷണങ്ങൾ</u>**

6531 **ശ്രീ. എം. ഉമ്മർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലത്ത് നടന്ന വൻ സാമ്പത്തികതട്ടിപ്പുകളെക്കുറിച്ചുള്ള അന്വേഷണവും തുടർനടപടികളും മന്ദഗതിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാലയളവിൽ നടന്ന പ്രധാന തട്ടിപ്പുകൾ ഏതൊക്കെയായിരുന്നുവെന്നതിന്റെ വിശദവിവരം നൽകാമോ;

(സി) ഇതു സംബന്ധിച്ച അന്വേഷണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**<u>നിയമസഭാ ഹോസ്റ്റലിലെ അഗ്നിശമന സേനാംഗങ്ങൾക്ക് പരിശീലനം</u>**

**6532 ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിയമസഭാ ഹോസ്റ്റലിലെ അഗ്നിശമനത്തിനായി എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ടെങ്കിലും ആയത് പ്രവർത്തിപ്പിക്കാൻ അഗ്നിശമന സേനയ്ക്ക് പരിശീലനം നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അഗ്നിശമന സേനാംഗങ്ങൾക്ക് ഇക്കാര്യത്തിൽ അടിയന്തിരമായി പരിശീലനം നൽകുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**തളിപ്പറമ്പ് ഫയർ സ്റ്റേഷന് കെട്ടിടം**

**6533 ശ്രീ. ജെയിംസ് മാത്യൂ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് ഫയർ & റസ്ക്യൂ സർവ്വീസ് സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്നതിനോ മറ്റേതെങ്കിലും സർക്കാർ കെട്ടിടം ലഭ്യമാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കാമോ;

(സി) പ്രസ്തുത സ്റ്റേഷൻ ജലവിഭവ വകുപ്പിന്റെ ഏഴാംമൈലിലുള്ള ഒഴിഞ്ഞുകിടക്കുന്ന ക്വാർട്ടേഴ്സിലേക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികളും ഇക്കാര്യത്തിലുള്ള സർക്കാർ സമീപനവും എന്താണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കുന്ദമംഗലത്ത് ഫയർ സ്റ്റേഷൻ**

6534 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നരിക്കുനിയിൽ സ്ഥാപിച്ച കൊടവള്ളി ഫയർ സ്റ്റേഷന്റെ പേര് മാറ്റിയിട്ടുണ്ടോ;

(ബി) എങ്കിൽ പേരുമാറ്റാനുള്ള കാരണം എന്താണ്;

(സി) ദേശീയപാത 212-ൽ കോഴിക്കോട് കോർപ്പറേഷനും വൈത്തിരിക്കുമിടയിൽ ഫയർസ്റ്റേഷൻ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുന്ദമംഗലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്നതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**

**11.07.2012 -ലെ മറുപടിക്ക്**

**<u>'ഓപ്പറേഷൻ ഗ്രാമം' എന്ന പേരിൽ വിജിലൻസ് റെയ്ഡ്</u>**

**6535 ശ്രീ. എം. പി. വിൻസെന്റ്**
**,, ഷാഫി പറമ്പിൽ**
**,, തേറമ്പിൽ രാമകൃഷ്ണൻ**
**,, അൻവർ സാദത്ത്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **'ഓപ്പറേഷൻ ഗ്രാമം' വിജിലൻസ് റെയ്ഡുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;**

(ബി) **എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തുന്നതിനായാണ് ഈ റെയ്ഡുകൾ ഉപയോഗപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കുമോ;**

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**വിജിലൻസ് വകുപ്പിൽ പെൻഷൻ പ്രായം ഉയർത്തൽ**

**6536 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിജിലൻസ് വകുപ്പിൽ ആരുടെയെങ്കിലും പെൻഷൻ പ്രായം ഉയർത്താൻ പ്രത്യേക ഉത്തരവിലൂടെ തീരുമാനമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പെൻഷൻ പ്രായം എത്രയായാണ് ഉയർത്തിയതെന്നും ആരുടെയൊക്കെ പെൻഷൻ പ്രായമാണ് ഉയർത്തിയതെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>ജയിൽ വകുപ്പിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ</u>

6537 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010-ൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് പഠന സംഘം ജയിൽ വകുപ്പിനെക്കുറിച്ച് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ജയിൽ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജയിൽ വകുപ്പിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് എൻജിനീയർ ഉൾപ്പെട്ട സബ് ജയിൽ/ഡിസ്ട്രിക്റ്റ് ലെവൽ കമ്മിറ്റി രൂപീകരിക്കുമോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) 2012-13 സാമ്പത്തിക വർഷത്തിൽ ജയിൽ വകുപ്പിൽ എത്ര കോടി രൂപയുടെ നിർമ്മാണ-വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സബ്ജയിൽ സൂപ്രണ്ട് മുതൽ സെൻട്രൽ ജയിൽ സൂപ്രണ്ട് വരെയുള്ള ഉദ്യോഗസ്ഥർക്ക് സ്വന്തം നിലയിൽ എത്ര രൂപവരെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാം എന്ന് വ്യക്തമാക്കുമോ;

(ഇ) 2010-11 സാമ്പത്തിക വർഷം ഓരോ ജയിലിലും എത്ര രൂപാ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**തടവുകാരുടെ ജയിൽ തിരിച്ചുള്ള കണക്ക്**

**6538**

**ശ്രീ. എ. കെ. ബാലൻ**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **സംസ്ഥാനത്ത് എത്ര ജയിലുകളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;**

(ബി) **പ്രസ്തുത ജയിലുകളിൽ എത്ര തടവുകാരെ പാർപ്പിക്കാനുള്ള സൗകര്യമാണുള്ളത്; ജയിൽ തിരിച്ചുള്ള കണക്ക് നല്കാമോ;**

(സി) **സംസ്ഥാനത്തെ വിവിധ ജയിലുകളിലായി കഴിയുന്ന വിചാരണ തടവുകാരുടെ ജയിൽ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;**

(ഡി) **സംസ്ഥാനത്തെ വിവിധ ജയിലുകളിൽ ശിക്ഷിക്കപ്പെട്ട എത്ര തടവുകാരാണ് ഉള്ളത്; ജയിൽ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?**

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**ജീവപര്യന്തം തടവിനുശിക്ഷിക്കപ്പെട്ടവരുടെ മോചനം**

6539 ശ്രീ. കെ. വി. വിജയദാസ്
ശ്രീമതി. പി. അയിഷാപോറ്റി
ശ്രീ. എ. എം. ആരിഫ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പത്തുവർഷത്തിലധികം ശിക്ഷാകാലാവധി പൂർത്തിയാക്കിയ എത്ര ജീവപര്യന്തം തടവുകാർ കേരളത്തിലെ ജയിലുകളിൽ കഴിയുന്നു എന്ന് വ്യക്തമാക്കാമോ.

(ബി) ജയിൽ അഡ്വൈസറി കമ്മിറ്റികളുടെയും സ്റ്റേറ്റ് പ്രിസൺ കമ്മിറ്റിയുടെയും ശുപാർശ പ്രകാരം എത്ര തടവുകാരെ മോചിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ വിവിധ ജയിലുകളിലുള്ള വിചാരണ തടവുകാരൊഴികെയുള്ള തടവുകാരെത്ര ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**തടവുകാരുടെ പരോൾ വ്യവസ്ഥകളിൽ ഭേദഗതി**

6540 **ശ്രീ. സി. കൃഷ്ണൻ**
**,, ആർ. രാജേഷ്**
**,, പുരുഷൻ കടലുണ്ടി**
**ശ്രീമതി. കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിൽ കഴിയുന്ന തടവുകാർക്ക് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ജയിൽ ഉപദേശക സമിതികൾ ശുപാർശ ചെയ്ത എത്ര തടവുകാരെ മോചിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം സെൻട്രൽ ജയിൽ സന്ദർശന വേളയിൽ ആഭ്യന്തര വകുപ്പ് മന്ത്രി ബ്ലോക്കുകളിൽ നിന്നും സെല്ലുകളിൽ നിന്നും സ്വീകരിച്ച ഹർജികൾ പരിശോധിക്കുകയുണ്ടായോ ; എങ്കിൽ പ്രസ്തുത പരാതികളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

### തടവുകാരുടെ ജയിൽമാറ്റം

6541 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സെൻട്രൽ ജയിലിൽ ഇപ്പോൾ ആകെ എത്ര തടവുകാരുണ്ട്; ഇവരുടെ പാർട്ടി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കണ്ണൂർ സെൻട്രൽ ജയിലിലെ രാഷ്ട്രീയ തടവുകാരെ മറ്റ് ജയിലുകളിലേക്ക് മാറ്റി അവിടെ നിന്ന് കൊടും കുറ്റവാളികളെ കണ്ണൂർ സെൻട്രൽ ജയിലിലേക്ക് കൊണ്ടുവരാൻ ഉത്തരവിറക്കിയിട്ടുണ്ടോ;

(സി) തടവുകാരെ മാറ്റുന്നത് സംബന്ധിച്ച് ജയിൽ നിയമത്തിൽ എപ്രകാരമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഒരു ജയിലിൽ കൊടും കുറ്റവാളികൾ മാത്രമാകുമ്പോൾ കേരള ജയിൽ നിയമം അനുശാസിക്കുന്ന രീതിയിൽ മന:പരിവർത്തനത്തിലൂടെ നല്ല മനുഷ്യരാക്കാനുള്ള അന്തരീക്ഷം നഷ്ടമാകാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>വടകരയിലെ ജയിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി</u>

6542 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകരയിലെ ജയിലിൽ നിലവിൽ അനുവദിയ്ക്കാവുന്നതിലുമധികം ആളുകളെ തടവിലാക്കേണ്ടിവരുന്നതിനാൽ, ഈ സ്ഥലം മാറ്റണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ സമർപ്പിച്ചതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) സ്ഥലപരിമിതി മൂലം വീർപ്പുമുട്ടുന്ന വടകരയിലെ ജയിൽ കൂടുതൽ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുവോ; ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

**കാസര്‍ഗോഡ് സബ്ജയില്‍**

**6543 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് സബ് ജയിലിലെ സ്ഥല പരിമിതിമൂല മുള്ള ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സബ് ജയിലിന് ആവശ്യമായ കെട്ടിടം നിര്‍മ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചി ട്ടുണ്ടോ ;

(സി) എങ്കില്‍ വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 11.07.2012 -ലെ മറുപടിക്ക്

<u>കണ്ണൂർ യൂണിറ്റിലെ ജയിൽ വാർഡൻമാരുടെ സീനിയോറിറ്റി</u>

6544 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിന്റെ കണ്ണൂർ യൂണിറ്റിൽ വാർഡൻമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ യൂണിറ്റിൽ ഹെഡ്വാർഡൻ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സീനിയോറിറ്റി ലിസ്റ്റ് നിലവിലിരിക്കെ ഹെഡ് വാർഡൻ തസ്തികയിൽ ഒഴിവുണ്ടായിട്ടും തിരുവനന്തപുരം, തൃശൂർ യൂണിറ്റുകളിൽ പ്രൊമോഷൻ നടത്തി ഉത്തരവിറക്കിയിട്ടും കണ്ണൂർ ജയിൽ യൂണിറ്റിലെ വാർഡന്മാർക്ക് അർഹതപ്പെട്ട പ്രൊമോഷൻ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കണ്ണൂർ ജയിൽ യൂണിറ്റിലെ വാർഡൻ സീനിയോറിറ്റി ലിസ്റ്റിലെ അർഹതപ്പെട്ടവർക്ക് ഹെഡ് വാർഡൻ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂലൈ 2.

“T” ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.